# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2286 18.12.2012-ൽ മറുപടിക്ക്

## കുറ്റിപ്പുറം സഹകരണ ബാങ്കിലെ പ്യൂൺ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡോ. കെ.ടി. ജലീൽ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം സഹകരണ ബാങ്കിലെ പ്യൂൺ നിയമനവുമായി ബന്ധപ്പെട്ട ക്രമക്കേട് സംബന്ധിച്ച വിജിലൻസ് അന്വേഷണം നടന്നിരുന്നോ ; | (എ) അന്വേഷണം നടന്നിരുന്നു. |
| (ബി) എങ്കിൽ വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; | (ബി) ലഭിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (സി) കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ബാങ്കിൽ ക്രമരഹിതമായി പ്യൂൺ തസ്തികയിൽ നിയമിച്ച ശ്രീമതി.ഫായിസ, ക്രമരഹിതമായി പ്രൊമോഷൻ നൽകപ്പെട്ട ശ്രീ. പ്രേമദാസൻ എന്നിവർ അനധികൃതമായി കൈപ്പറ്റിയ തുക ഈടാക്കുന്നതിനും അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീമതി. ആമിനക്കുട്ടിക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനും ബാങ്ക് പ്രസിഡന്റിന് നിർദ്ദേശം നൽകുകയും അതനുസരിച്ച് ബാങ്കിന് നഷ്ടപ്പെട്ട തുക, പി. ഫായിസ, കെ.പ്രേമദാസ് എന്നിവരിൽ നിന്നും യഥാക്രമം 21090/-രൂപയും, 4345/-രൂപയും ഈടാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ടിൽ ഭരണസമിതിക്കെതിരെ നടപടി ശുപാർശ ചെയ്തിരുന്നോ ; | (ഡി) | ശുപാർശ ചെയ്തിരുന്നു. |
| (ഇ) | എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ? | (ഇ) | വിജിലൻസ് അന്വേഷണത്തിൽ ചൂണ്ടിക്കാട്ടിയ ന്യൂനതകൾ പരിഹരിക്കുന്നതിന് നിശ്ചിത സമയം അനുവദിക്കുകയും ടി സമയത്തിനകം ന്യൂനതകൾ പൂർണ്ണമായി പരിഹരിച്ചില്ലെങ്കിൽ സഹകരണ നിയമം വകുപ്പ് 32 പ്രകാരം ബാങ്ക് ഭരണസമിതിക്കെതിരെ നടപടി സ്വീകരിക്കുന്നതിനും നോട്ടീസ് നൽകുകയുണ്ടായി.<br>ബാങ്ക് ന്യൂനതകൾ പൂർണ്ണമായി പരിഹരിച്ച് തൃപ്തികരമായ വിശദീകരണം നൽകിയതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**